# പതിനാലാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4288

24.10.2016 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ഗവ.ആയുർവേദ കോളേജിലെ ചട്ടവിരുദ്ധ നിയമനം

| | ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തിരുവനന്തപുരം ഗവ.ആയുർവേദ കോളേജിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോളേജിലെ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ആയുർവേദ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലുമായി അധ്യാപകർ, പഞ്ചകർമ്മ തെറാപ്പിസ്റ്റ്, മെക്കാനിക്ക്, റേഡിയോഗ്രാഫർ ഗ്രേഡ്-2, സ്റ്റൈപ്പൻറ്, റെക്കോർഡ് അസിസ്റ്റന്റ്, ഇ.സി.ജി. ടെക്നീഷ്യൻ, ഫിസിയോ തെറാപ്പിസ്റ്റ്, ആയുർവേദ നേഴ്സ് ഗ്രേഡ് 2, ടെക്നിക്കൽ അസിസ്റ്റന്റ് (വിഷ), ടെക്നിക്കൽ അസിസ്റ്റന്റ് (ആയുർവേദ), ടെക്നിക്കൽ അസിസ്റ്റന്റ് (എക്സ്റേ), വാച്ചർ എന്നി തസ്തികകളിൽ ഒഴിവുകൾ ഉണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികളുടെ പുരോഗതി അറിയിക്കുമോ; | (സി) | പ്രവേശന തസ്തികയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തുടങ്ങിയ ഉയർന്ന തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഡി.പി.സി.(ഹയർ) കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിച്ച തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ആയുർവേദ നേഴ്സ് ഗ്രേഡ് II തസ്തികയിൽ റാങ്ക് ലിസ്റ്റിലുള്ള അർഹയായ ഉദ്യോഗാർത്ഥിക്ക് (ചിപ്പി.എം.എസ്., മഞ്ഞാക്കൽ വീട്, അരുവാപാറ പി.ഒ., പെരുമ്പാവൂർ) നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി), (ഇ), (എഫ്), (ജി) | 30.11.2015-ൽ ഉണ്ടായിട്ടുള്ള നേഴ്സ് ഗ്രേഡ് 2 (ആയുർവേദ) ഒഴിവിലേയ്ക്ക് പ്രത്യേക കേസായി പരിഗണിച്ച് ഭാരതീയ ചികിത്സാവകുപ്പിൽനിന്നും ഒരു ജീവനക്കാരിയെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന 16.1.2016-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഒഴിവു വന്ന തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് മറികടന്ന് സ്ഥലംമാറ്റം നൽകി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; | | |
| (എഫ്) | പ്രസ്തുത നിയമനം ചട്ടങ്ങൾ മറികടന്നാണെങ്കിൽ അത് റദ്ദാക്കാനും നിയമ വിരുദ്ധ നിയമനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; | | |
| (ജി) | ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ